**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2714** **28-02-2023 - ൽ മറുപടിയ്ക്ക്**

**പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ആധുനികീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത്, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ ആധുനികീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | ഉണ്ട്. സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രീ.മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേയ്ക്കമായി അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്ത നങ്ങൾ എന്നിവ നടത്തി വരുന്നു. ഹോസ്റ്റലുകളിൽ ലൈബ്രറി, കമ്പ്യൂട്ടർ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഹോസ്റ്റലുകളിലും ടെലിവിഷൻ, ഫ്രിഡ്ജ്, മിക്സി, ഗ്രൈൻഡർ, ഗ്യാസ് കണക്ഷൻ, ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയർ, എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ഹോസ്റ്റലുകളിൽ സോളാർ പാനലുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, സി.സി.ടി.വി. ക്യാമറകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഓരോ ഹോസ്റ്റലിനും തുടർന്നും ആവശ്യാനുസരണം ഭൗതീകസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ